# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ദേശീയ സിവിൽ സർവീസ് ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ഉൾപ്പെടെയുള്ള പ്രമുഖർ. ഭരണസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥരുടെ പ്രതിബദ്ധത രാജ്യത്തിന് മുതൽക്കൂട്ടാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President, Vice President and other dignitaries have extended their greetings to all civil servants on National Civil Service Day today. .. President Droupadi Murmu said that the commitment of Civil Servants continues to strengthen responsive governance and reinforce public institutions.**

2) തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിലും പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.

**Campaigning will end today in Tamil Nadu and in constituencies of West Bengal going to polls in the first phase. Voting will take place on Thursday.**

3) സ്ട്രോംഗ് റൂമുകളും, സീൽ ചെയ്യാത്ത മുറികളും ഏതൊരു സാഹചര്യത്തിലും തുറക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

**Kerala Chief Electoral Officer Ratan U. Kelkar has issued strict guidelines that strong rooms and unsealed rooms must not be opened under any circumstances.**

4) ഇന്ത്യ-യുഎസ് വ്യാപാര ചർച്ചകൾ വാഷിങ്ടൺ ഡി.സിയിൽ ഇന്നലെ പുനരാംരംഭിച്ചു.

**India–US trade talks resumed in Washington, D.C. yesterday.**

5) കേരളത്തിൽ കനത്ത ചൂട് തുടരുന്നു. സംസ്ഥാനത്ത് നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ്.

**Intense heat continues in Kerala. The India Meteorological Department has forecast a possibility of light rain in the state.**

6) -ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ് സി- മുഹമ്മദൻ എസ് സി പോരാട്ടം.

**In IPL cricket today, Sunrisers Hyderabad will take on Delhi Capitals. In ISL football, Chennaiyin FC will face Mohammedan SC.**

&&&&&&&&&&&&&&&&&&

## HEADLINE-1

## PREZ-CIVIL SEVICE DAY (INTRO)

ദേശീയ സിവിൽ സർവീസ് ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ഭരണ സംവിധാനത്തെയും സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുന്നതിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ പ്രതിബദ്ധത രാജ്യത്തിന് മുതൽക്കൂട്ടാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ജനകേന്ദ്രീകൃത നയങ്ങൾ രൂപീകരിക്കുന്നതിലും, അവ ഫലപ്രദമായി നടപ്പാക്കുന്നതിലും ഉദ്യോഗസ്ഥർ നൽകുന്ന സേവനങ്ങൾ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതായും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. പൊതു സേവനത്തിൽ ഉന്നത നിലവാരം ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കണമെന്നും ശ്രീമതി മുർമു ആഹ്വാനം ചെയ്തു.

സർക്കാരിൻറെ നയങ്ങളും പദ്ധതികളും താഴെത്തട്ടിൽ നടപ്പിലാക്കുന്നതിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥർ സുപ്രധാന പങ്കുവഹിക്കുന്നതായി ന്യൂഡൽഹിയിൽ നടന്ന ദിനാചരണ പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പറഞ്ഞു . അഖിലേന്ത്യാ സർവീസുകളുടെ പിതാവായ സർദാർ വല്ലഭ്ഭായ് പട്ടേൽ, രാജ്യത്തെ, ഐക്യത്തിൻറെയും, സേവന മനോഭാവത്തിൻറെയും മഹത്തായ മൂല്യങ്ങൾക്ക് മുന്നിൽ ഒരുമിപ്പിച്ച് നിർത്തിയതായും അദ്ദേഹം വ്യക്തമാക്കി. കൊളോണിയൽ ഇന്ത്യയിൽ നിന്ന് വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിന്റെ യാത്രയ്ക്ക് സർദാർ പട്ടേലിന്റെ സംഭാവനകൾ ഏറെ സഹായകമായതായും ഉപരാഷ്ട്രപതി അനുസ്മരിച്ചു.

(വോയിസ് - ഉപരാഷ്ട്രപതി)

സദ്ഭരണത്തിനും, രാഷ്ട്ര നിർമാണത്തിനുമുള്ള പ്രതിബദ്ധത ശക്തിപ്പെടുത്താനുള്ള സമയമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസാ സന്ദേശത്തിൽ പറഞ്ഞു. രാജ്യപുരോഗതിയിലും, നയരൂപീകരണത്തിലും സിവിൽ സർവീസ് ഉദ്യോഗസ്ഥർ നൽകുന്ന സേവനങ്ങളെയും അദ്ദേഹം പ്രശംസിച്ചു. "വികസിത ഭാരതം

***- പൗരകേന്ദ്രികൃത ഭരണവും എല്ലാവർക്കും വികസനവും " എന്നതാണ് ഈ വർഷത്തെ സിവിൽ സർവീസ് ദിന പ്രമേയം.***

&&&&&&&&&&&&&&&&&

## HEADLINE-2

## TN- CAMPAIGNING

തമിഴ്നാട്ടിലും, പശ്ചിമബംഗാളിൽ ഒന്നാംഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന 152 മണ്ഡലങ്ങളിലും പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. മുൻനിര നേതാക്കളെയടക്കം രംഗത്തെത്തിച്ച് കൊട്ടിക്കലാശം ഊർജിതമാക്കിയിരിക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ. മറ്റന്നാളാണ് വോട്ടെടുപ്പ്.ബിജെപി നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ഇന്ന് പശ്ചിമബംഗാളിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യു. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി നോർത്ത് 24 പർഗാനാസ് ജില്ലയിലാണ് ഇന്ന് പൊതുറാലികളിൽ പങ്കെടുക്കുന്നത്. ആം ആദ്മി നേതാവ് അരവിന്ദ് കെജ്രിവാൾ ഉൾപ്പെടെയുള്ള പ്രമുഖർ തമിഴ്നാട്ടിൽ ഡി.എം.കെ പ്രചാരണത്തിനായി എത്തിയിട്ടുണ്ട്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്നലെ കന്യാകുമാരിയിൽ പ്രചാരണം നടത്തി. എ.ഐ.എ.ഡി.എം.കെ നേതാവ് എടപ്പാടി പളനിച്ചാമി ഇന്ന് വിവിധ മണ്ഡലങ്ങളിൽ പ്രചാരണ റാലികളിൽ പങ്കെടുക്കുന്നുണ്ട്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള മുതിർന്ന ബിജെപി നേതാക്കളും തമിഴ്നാട്ടിൽ കഴിഞ്ഞ ദിവസങ്ങളിൽ പ്രചാരണത്തിനെത്തിയിരുന്നു. തമിഴ്നാട്ടിലെ 234 മണ്ഡലങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ്. സംസ്ഥാനത്തെ കനത്ത ചൂട് പ്രചാരണത്തിന് കനത്ത വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. പശ്ചിമബംഗാളിൽ രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 നാണ്.

കേരളം, അസം, തമിഴ്നാട് , പശ്ചിമബംഗാൾ, പുതുച്ചേരി ഉൾപ്പെടെ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന അഞ്ചിടത്തും വോട്ടെണ്ണൽ മെയ് നാലിനാണ്.

&&&&&&&&&&&&&&&&&

## HEADLINE-3

## CEO KERALA

സംസ്ഥാനത്തെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും, റിട്ടേണിംഗ് ഓഫീസർമാർക്കും വോട്ടെണ്ണൽ പ്രോട്ടോക്കോളുകൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.. സ്ട്രോംഗ് റൂമുകളും, സീൽ ചെയ്യാത്ത മുറികളും ഏതൊരു സാഹചര്യത്തിലും തുറക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. ഇൻഡെക്സ് കാർഡുകൾ തയ്യാറാക്കുക, ENCORE പോർട്ടലിലെ വിവരങ്ങൾ പരിശോധിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കൊന്നും തന്നെ മുറികൾ തുറക്കാൻ പാടില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയും വിശ്വസ്തതയും കാത്തുസൂക്ഷിക്കുന്നതിനായി ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നിർദേശം നൽകി.

&&&&&&&&&&&&&&&&&

## HEADLINE-4

## INDIA – US

ഇന്ത്യ-യുഎസ് വ്യാപാര ചർച്ചകൾ വാഷിങ്ടൺ ഡി.സിയിൽ ഇന്നലെ പുനരാംരംഭിച്ചു. ഇടക്കാല വ്യാപാര കരാറിലെ തുടർനടപടികൾ സംബന്ധിച്ച ചർച്ചകൾ നാളെയും തുടരും. വ്യാപാര കരാറിന് അന്തിമ രൂപം നൽകുകയാണ് ചർച്ചകളുടെ ലക്ഷ്യം. യുഎസ് വിപണികളിൽ ഇന്ത്യയ്ക്ക് പ്രത്യേക പരിഗണന ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് കേന്ദ്ര വാണിജ്യ മന്ത്രി പീയുഷ് ഗോയൽ പറഞ്ഞു

&&&&&&&&&&&&&&&&&

## PRESIDENT

ഒരു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷയിൽ എത്തി. റൂർക്കേലയിൽ വിവിധ വികസന പദ്ധതികൾ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## RAJNATH SINGH

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ മൂന്ന് ദിവസത്തെ ജർമ്മൻ സന്ദർശനത്തിന് ഇന്ന് തുടക്കം. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുന്നതിന് സന്ദർശനം സഹായിക്കും. ജർമ്മൻ പ്രതിരോധമന്ത്രിയുമായി ശ്രീ. രാജ്നാഥ് സിങ്ങ് ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## JEE MAIN EXAM RESULT

JEE മെയിൻ, സെഷൻ 2 പരീക്ഷാ ഫലം ദേശീയ ടെസ്റ്റിങ്ങ് ഏജൻസി പ്രസിദ്ധീകരിച്ചു. രണ്ട് ലക്ഷത്തി 50,182 പേർ JEE Advanced ലേക്ക് യോഗ്യത നേടി. 10 ലക്ഷത്തിന് മുകളിൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയിരുന്നു.

&&&&&&&&&&&&&&&&&&

## MINISTRY OF RAILWAY

മെയിൽ, എക്സ്പ്രസ് ട്രെയിനുകളിൽ ഭിന്നശേഷിക്കാർക്ക് ഇനി റിസർവ്വേഷനില്ലാതെ യാത്ര ചെയ്യാം. ഭിന്നശേഷി ശാക്തീകരണ വകുപ്പ് നൽകുന്ന യുഡി ഐ ഡി കാർഡുകൾ കൈവശമുള്ളവർക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുക എന്നും റെയിൽവേ മന്ത്രാലയം അറിയിച്ചു. ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള കോച്ചുകളിലും, സീറ്റുകളിലും യുഡി ഐ ഡി കാർഡുകൾ ഉള്ളവർക്ക് യാത്ര ചെയ്യാം.

&&&&&&&&&&&&&&&&&&

## CENSUS (INTRO)

***2027 ലെ ജനസംഖ്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട പരിശീലന പരിപാടിക്ക് കണ്ണൂർ ജില്ലയിൽ തുടക്കമായി. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സെൻസസ് ആണിത്.***

***വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## IRAN-US TALKS

അമേരിക്ക-ഇറാൻ രണ്ടാം ഘട്ട സമാധാന ചർച്ചകളുമായി ബന്ധപ്പെട്ട് അനിശ്ചിതത്വം തുടരുന്നു. ചർച്ചയിൽ പങ്കെടുക്കണോ എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. രണ്ടാഴ്ച വെടിനിർത്ത ബുധനാഴ്ച അവസാനിക്കാനി രിക്കേയാണ് സമാധാന ചർച്ചകൾക്കുള്ള ശ്രമങ്ങൾ നടക്കുന്നത്.

&&&&&&&&&&&&&&&&&&

**LEBANEN-ISRAEL TALKS**

ലെബനനും ഇസ്രായേലും തമ്മിലുള്ള രണ്ടാം ഘട്ട ചർച്ചകൾ വ്യാഴാഴ്ച അമേരിക്കയിൽ നടക്കുമെന്ന് യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് സ്ഥിരീകരിച്ചു. കഴിഞ്ഞ ആഴ്ച ഹിസ്ബുള്ളയും ഇസ്രായേലും തമ്മിൽ പ്രാബല്യത്തിൽ വന്ന വെടിനിർത്തൽ കരാറിനു ശേഷമുള്ള ആദ്യ ചർച്ചയായിരിക്കും ഇത്.

&&&&&&&&&&&&&&&&&

**HEADLINE-5**

**HEAT WAVE**

കേരളത്തിൽ വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരും. തെക്കൻ ജില്ലകളിലടക്കം വെള്ളിയാഴ്ച വരെ നേരിയ മഴയ്ക്കും സാധ്യതയുണ്ട്. എല്ലാ ജില്ലകളിലും സാധാരണയേക്കാൾ മൂന്നു മുതൽ നാലു ഡിഗ്രി വരെ അന്തരീക്ഷ താപനില ഉയരുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. പാലക്കാട് ജില്ലയിൽ 40 ഡിഗ്രി വരെയും കൊല്ലം ജില്ലയിൽ 39 ഡിഗ്രി വരെയും താപനില ഉയരും. മലയോര ജില്ലകളിൽ മാത്രമായിരിക്കും താപനില താരതമ്യേന കുറഞ്ഞു നിൽക്കുക. വന മേഖലയോട് ചേർന്നുള്ളവർ കാട്ടുതീ മുൻകരുതൽ സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&

**HEADLINE-6**

**IPL & ISL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺ റൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ രാത്രി 7:30 നാണ് മത്സരം.

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ എഫ് സി മുഹമ്മദൻ എസ് സി യെ നേരിടും. രാത്രി 7.30ന് ചെന്നൈയിലാണ് മത്സരം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&